# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2853 06.11.2019-ലെ മറുപടി

## തിരുനാവായ ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| എ) | തിരുനാവായ ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതിയുടെ ശുദ്ധജലവിതരണം മുടങ്ങിയത് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് സൂപ്രണ്ടിംഗ് എൻജിനീയർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) | തിരുനാവായ കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിനിൽ ചോർച്ച കണ്ടെത്തിയതിനെ തുടർന്ന് പരിഹരിക്കുവാൻ ശ്രമിച്ചെങ്കിലും റെയിൽവെ ട്രാക്കിനടിയിൽ സ്ഥാപിച്ച പൈപ്പിലാണ് ചോർച്ച എന്നതിനാൽ അടിയന്തിര പരിഹാരം കാണുവാൻ സാധിച്ചില്ല. ഇരുഭാഗത്തുമുള്ള ചോർച്ച പരിഹരിക്കുവാൻ റെയിൽവെ അധികൃതർ അനുമതി തരാത്തതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കി പുതിയതായി പണി കഴിപ്പിച്ച മേൽപ്പാലത്തിനടിയിലൂടെ ബൈപ്പാസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുവാൻ 1 .77 കോടി രൂപ ചിലവു വരുന്ന എസ്റ്റിമേറ്റിന് സ്റ്റേറ്റ് പ്ലാൻ 2019-20 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് വർക്ക് ഓർഡർ കൊടുത്തിട്ടുമുണ്ട്. റെയിൽവെ അടക്കമുള്ള വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| ബി) | ആയിരക്കണക്കിന് കുടുംബങ്ങളെ ബാധിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള പ്രശ്നം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | തിരുനാവായ പദ്ധതിയുടെ നിലവിലുള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തിക്ക് കരാർ കൊടുക്കുകയും പൈപ്പുകൾ എത്തിക്കുവാനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്. |
| സി) | റെയിൽവേയുടെ അനുമതി ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | പാലക്കാട് റെയിൽവേ ഡിവിഷൻ ഓഫീസുമായി ബന്ധപ്പെട്ട് റെയിൽവേ മേൽപ്പാലത്തിനടിയിലൂടെ ഭൂമി തുരന്ന് കേസിംഗ് പൈപ്പ് സ്ഥാപിച്ച് അതിനകത്ത് പൈപ്പ് ഇറക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് അനുമതിക്കായുള്ള അപേക്ഷ ചെന്നൈയിലുള്ള റയിൽവേ റീജിയണൽ ഓഫീസിൽ പരിഗണനയിലാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ